# എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2025

## ഒന്നാംഭാഷ - മലയാളം

## പേപ്പർ-I (പാർട്ട് - എ)

**നിർദ്ദേശങ്ങൾ :** **ആകെ സ്കോർ : 20**

- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതേണ്ടതാണ്.

**1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ഒറ്റ വാക്യത്തിൽ / വാചകത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം.**

1. ആരല്ലെൻ ഗുരുനാഥ **(1 സ്കോർ)**
   രാരെല്ലെൻ ഗുരുനാഥർ ?
   പാരിതിലെല്ലാമെന്നെ
   പഠിപ്പിക്കുന്നുണ്ടെന്തോ.
   ഈ വരികൾ ആരുടേതാണ് ?

**ഉത്തരം :**

2. ആകാത്തതിങ്ങനെ എണ്ണീ -ചുമ്മാ **(1 സ്കോർ)**
   മാഴ്കൊല്ലായെന്നോമലുണ്ണീ!
   എന്ന വരിയിൽ മാഴ്കുക എന്ന വാക്കിന്റെ അർത്ഥം എന്ത് ?

**ഉത്തരം :**

3. നാലാം ക്ലാസിലെ പാഠഭാഗവും അതുൾപ്പെട്ടിട്ടുള്ള കൃതിയുടെ പേരുമാണ് താഴെ ജോഡിയായി തന്നിട്ടുള്ളത്. ഇതിൽ വിട്ടുപോയത് എഴുതുക. **(1 സ്കോർ)**
   വെണ്ണക്കണ്ണൻ – കൃഷ്ണഗാഥ
   പത്തായം – ഓർമ്മയിലെ കൃഷിക്കാഴ്ചകൾ
   മലയാളം – വള്ളത്തോൾ കവിതകൾ
   സ്നേഹം താൻ ശക്തി – ----------------------------

**ഉത്തരം :**

4. കാളകൾ അകന്നുപോകാതിരിക്കാനും കലപ്പ ഉറപ്പിക്കാനുമായി ഉപയോഗിക്കുന്ന ഉപകരണമേത് ? **(1 സ്കോർ)**

**ഉത്തരം :**

5. പച്ച + പുൽമേട് (1 സ്കോർ)

ചേർത്ത് എഴുതുക

**ഉത്തരം :**

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം.**

6. ഭൂമിയെ സംബന്ധിച്ച എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏത് ? (1 സ്കോർ)

(A) ഭൗതികം (B) ഭൗമം (C) ഭാസുരം (D) അഭൗമം

**ഉത്തരം :**

7. <u>ചേട്ടാ, പാവം മൈന. എന്തിനാണതിനെ കൊല്ലുന്നത് ?</u> ലൈല പറഞ്ഞതിന്റെ അർത്ഥം നല്ലതുപോലെ മനസ്സിലായിട്ടെന്നതു പോലെ ആ കിളി ഈണത്തിലൊരു പാട്ടുപാടി. അടിവരയിട്ട വാക്യത്തിൽ വിട്ടുപോയ ചിഹ്നം ഏത് ? (1 സ്കോർ)

(A) () (B) ! (C) “ ” (D) ;

**ഉത്തരം :**

8. അതിരില്ലാത്ത ആവേശത്തോടെ ജയഘോഷം മുഴക്കിയാണ് വള്ളംകളിയിൽ ഒന്നാമതെത്തിയ ചുണ്ടൻവള്ളത്തെ ജനങ്ങൾ സ്വീകരിച്ചത്. (1 സ്കോർ)

അതിരില്ലാത്ത എന്ന അർത്ഥത്തിൽ ഉപയോഗിക്കാവുന്ന പദമേത് ?

(A) അപാരം (B) അനുബന്ധം (C) ആമോദം (D) അനുവാസരം

**ഉത്തരം :**

9. ശരിയായി എഴുതിയ പദമേത് ? (1 സ്കോർ)

(A) വിദ്യാർഢി (B) സമൃത്ഥി (C) വിശിഷ്ഠാതിഥി (D) പ്രതിധ്വനി

**ഉത്തരം :**

10. കൂട്ടത്തിൽ ചേർക്കാവുന്ന വാക്ക് ഏത് ? (1 സ്കോർ)

അക്ഷി, ലോചനം, നയനം, ----------

(A) നളിനം (B) സ്വനം (C) മിഴി (D) ഗാത്രം

**ഉത്തരം :**

11. താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**അച്ഛനും അമ്മയും**

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല.
അച്ഛന്റെ മടിയിലിരിക്കും നേര-
ത്തഭിമാനത്തിന്നളവില്ല.

അന്തിക്കു പൂനിലാവുണ്ടായിത്തീരുന്ന-
തമ്മിഞ്ഞപ്പാലിൽ നിന്നാണല്ലോ.
അന്തിക്കു മാനത്തു മിന്നുന്ന നക്ഷത്ര-
മമ്മതൻ കണ്ണുനീരാണല്ലോ.

പുലർകാലത്തിളവെയിലൂറുന്നതച്ഛന്റെ-
പുഞ്ചിരിയിങ്കൽനിന്നാണല്ലോ
ഉച്ചയ്ക്കാ വെയിലിന്നു ചൂടുണ്ടായിരുന്ന-
തച്ഛന്റെ ചിന്തകൊണ്ടാണല്ലോ.

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല.
അച്ഛന്റെ മടിയിലിരിക്കും നേര-
ത്തഭിമാനത്തിന്നളവില്ല.

- അക്കിത്തം അച്യുതൻ നമ്പൂതിരി

(a) ഉച്ചവെയിലിന് ചൂടുണ്ടാവുന്നത് എന്തുകൊണ്ടാണെന്നാണ് പറഞ്ഞിരിക്കുന്നത് ? **(1 സ്കോർ)**

**ഉത്തരം :**

(b) അമ്മയുടെ കണ്ണുനീരാണ് ആകാശത്തിൽ നക്ഷത്രങ്ങളായി മാറുന്നത് എന്ന് പറഞ്ഞിരിക്കുന്ന വരികൾ ഏത് ? **(1 സ്കോർ)**

**ഉത്തരം :**

(c) കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് എഴുതുക. **(3 സ്കോർ)**

**ഉത്തരം :**

12. താഴെ കൊടുത്തിതിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(1 സ്കോർ)**

(a) ഒരാളുടെ ജീവിത കഥ അയാൾ തന്നെ എഴുതിയാൽ അതിനു പറയുന്ന പേരെന്ത് ?

| |
|---|
| **ഉത്തരം :** |

(b) പൂക്കളില്ലാതെ പുലരിയില്ലാതെ **(1 സ്കോർ)**
ആർദ്രമേതോ വിളിക്കുപിന്നിലായ്
പാട്ടുമൂളി ഞാൻ പോകവേ, നിങ്ങൾ
കേട്ടുനിന്നുവോ! തോഴരേ, നന്ദി, നന്ദി (നന്ദി – സുഗതകുമാരി)

ഈ കവിതയിൽ ചങ്ങാതിമാർ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്ന വാക്ക് ഏത് ?

| |
|---|
| **ഉത്തരം :** |

(c) താഴെ കൊടുത്തിരിക്കുന്ന സൂചനകൾ ഉപയോഗപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. **(3 സ്കോർ)**

സുഗതകുമാരി
മലയാളത്തിലെ പ്രശസ്ത കവയിത്രി - പരിസ്ഥിതി പ്രവർത്തക
ജനനം 1932 - ആറന്മുള - മരണം 2020 ഡിസംബർ 3
അച്ഛൻ - ബോധേശ്വരൻ (കവി, സ്വാതന്ത്ര്യ സമര സേനാനി)
അമ്മ - വി. കെ. കാർത്യായനി - സംസ്കൃത പണ്ഡിത.

**വഹിച്ച പദവികൾ**
കേരള വനിതാ കമ്മീഷൻ - ആദ്യ ചെയർ പേഴ്സൺ
ചീഫ് എഡിറ്റർ - തളിര് മാസിക
അഭയ - സ്ഥാപക സെക്രട്ടറി

**പ്രധാന അവാർഡുകൾ**
എഴുത്തച്ഛൻ പുരസ്കാരം, കേരള - കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ഓടക്കുഴൽ പുരസ്കാരം, വയലാർ അവാർഡ്, പത്മശ്രീ പുരസ്കാരം.

**പ്രധാന കൃതികൾ**
രാത്രിമഴ, അമ്പലമണി, പാതിരാപ്പൂക്കൾ, വാഴത്തേൻ, മുത്തുച്ചിപ്പി

| |
|---|
| **ഉത്തരം :** |

# L.S.S. EXAMINATION, FEBRUARY - 2025

## Paper-I (Part - B)

## ENGLISH

**Total Score : 10**

**Instructions :**

- Questions **13** and **14** are part of the English Section.
- The score assigned to each question is mentioned alongside it.
- Write your answers in the space provided below each question.
- Answer **all** questions.

**13. Read the following passage and answer the questions that follow.**

A full moon was rising. Little stars were blinking to greet the moon. A soft wind carried the fragrance of wildflowers into the room. From the distant skies Ivan heard the song of a nightingale.

(a) A soft wind carried the fragrance of wildflowers. Which term can be used instead of 'soft wind' ? **(1 Score)**

(i) storm (ii) gale (iii) breeze (iv) cyclone

**Answer :**

(b) Make a meaningful word using the letters given and complete the sentence. **(1 Score)**

C A R G E F R N A

She likes the _________ of jasmine flowers.

**Answer :**

(c) The above passage is a description of a night scene that King Ivan saw through his window. If it was in the morning, what could be the scene ? Describe it. **(3 Score)**

**Answer :**

14. **Read the following passage and answer the questions that follow.**

'Gulab jamun, rasagulla, burfi, jilebi, ladoo,' yelled a hawker at the entrance. He called out at the passers-by. Many coloured sweets, decorated with leaves of silver and gold were seen. The child stared open-eyed, and his mouth watered.

(a) The child stared open-eyed. Which emotion of the child is indicated here ? **(1 Score)**

(i) happiness (ii) envy

(iii) wonder (iv) sorrow

**Answer :**

(b) His mouth watered. Why ? **(1 Score)**

(i) He washed his mouth. (ii) He was spitting.

(iii) He wished to eat the sweets. (iv) Water fell on his mouth.

**Answer :**

(c) The child went near the sweet shop. He looked at the sweets there. The shopkeeper saw the child. Write the **conversation** between the child and the shopkeeper. **(3 Score)**

**Answer :**

# എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2025

## പേപ്പർ-I (പാർട്ട് – സി)

## പൊതു വിജ്ഞാനം

ആകെ സ്കോർ : 10

**ിർദ്ദേശങ്ങൾ :**

- **എല്ലാ** ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
- **15** മുതൽ **24** വരെയുള്ള ചോദ്യങ്ങളാണ് പൊതുവിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ശരിയുത്തരത്തിനും **ഒരു** സ്കോർ വീതം ലഭിക്കുന്നതാണ്.

15. **'നാലുകെട്ട്'** എന്ന നോവൽ രചിച്ച മലയാള സാഹിത്യകാരൻ ആരാണ് ? **(1 സ്കോർ)**

(A) എം.ടി. വാസുദേവൻ നായർ (B) വൈക്കം മുഹമ്മദ് ബഷീർ

(C) എം. മുകുന്ദൻ (D) തകഴി ശിവശങ്കര പ്പിള്ള

**ഉത്തരം :**

16. ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെ (Indian Space Research Organisation) ഇപ്പോഴത്തെ ചെയർമാൻ ആര് ? **(1 സ്കോർ)**

(A) കെ. ശിവൻ (B) എസ്. സോമനാഥ്

(C) കെ. രാധാകൃഷ്ണൻ (D) വി. നാരായണൻ

**ഉത്തരം :**

17. ചുവടെ നൽകിയിട്ടുള്ളവയിൽ വിമാനത്താവളം ഇല്ലാത്ത കേരളത്തിലെ ജില്ല ഏത് ? **(1 സ്കോർ)**

(A) മലപ്പുറം (B) കോഴിക്കോട്

(C) എറണാകുളം (D) തിരുവനന്തപുരം

**ഉത്തരം :**

18. ഇന്ത്യയിൽ സെപ്റ്റംബർ 5 അധ്യാപക ദിനമായി ആചരിക്കുന്നത് ആരുടെ ജന്മദിനത്തിലാണ് ?

(1 സ്കോർ)

(A) ഡോ. രാജേന്ദ്ര പ്രസാദ് (B) ലാൽ ബഹദൂർ ശാസ്ത്രി

(C) ഡോ.എസ്. രാധാകൃഷ്ണൻ (D) ജവഹർലാൽ നെഹ്റു

**ഉത്തരം :**

19. "ഓമനത്തിങ്കൾക്കിടാവോ (1 സ്കോർ)

നല്ല കോമളത്താമരപ്പൂവോ" എന്ന് തുടങ്ങുന്ന താരാട്ടുപാട്ട് രചിച്ചതാര് ?

(A) ഇരയിമ്മൻ തമ്പി (B) സ്വാതി തിരുനാൾ

(C) അംശി നാരായണ പിള്ള (D) രാജാ രവിവർമ്മ

**ഉത്തരം :**

20. പ്രായം കുറഞ്ഞ ലോക ചെസ്സ് ചാമ്പ്യൻ ആര് ? (1 സ്കോർ)

**ഉത്തരം :**

21. നൃത്തത്തിനും അഭിനയത്തിനും സംഗീതത്തിനും മുദ്രയ്ക്കും ഒരുപോലെ പ്രാധാന്യമുള്ളതും **'കലകളുടെ രാജാവ്'** എന്നറിയപ്പെടുന്നതുമായ കലാരൂപം ഏത് ? (1 സ്കോർ)

**ഉത്തരം :**

22. 2024 - ൽ ഉരുൾപൊട്ടൽ ഉണ്ടായ മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമറ്റം പ്രദേശങ്ങൾ കേരളത്തിലെ ഏത് ജില്ലയിൽ ഉൾപ്പെടുന്നു ? **(1 സ്കോർ)**

**ഉത്തരം :**

23. ഇന്ത്യയുടെ കിഴക്കേ അറ്റത്തുള്ള സംസ്ഥാനം ഏത് ? **(1 സ്കോർ)**

**ഉത്തരം :**

24. മനുഷ്യശരീരത്തിലെ 'അരിപ്പ' എന്നറിയപ്പെടുന്ന അവയവം ഏത് ? **(1 സ്കോർ)**

**ഉത്തരം :**

-oOo-

18. Whose birthday is celebrated as Teacher's Day in India on September 5 ? (1 Score

(A) Dr. Rajendra Prasad (B) Lal Bahadur Shastri

(C) Dr. S. Radhakrishnan (D) Jawaharlal Nehru

**Answer :**

19. Who wrote the lullaby song that starts with - (1 Score

"ഓമനത്തിങ്കൾക്കിടാവോ

നല്ല കോമളത്താമരപ്പൂവോ".

(A) Irayimman Thampi (B) Swathi Thirunal

(C) Amshi Narayana Pillai (D) Raja Ravi Varma

**Answer :**

20. Who is the youngest world chess champion ? (1 Scor

**Answer :**

21. Which art form gives equal importance to dance, acting, music and mudra is known as the *'King of arts'* ? (1 Scor

**Answer :**

# L.S.S. EXAMINATION, FEBRUARY - 2025

## Paper-I (Part - C)

## General Knowledge

**Total Score : 10**

**Instructions :**

- Answer all questions in the space provided in the question paper.
- Questions 15 to 24 are included in Part-C - General Knowledge.
- Each question carries 1 score.

**15.** Name the Malayalam writer who wrote the novel '*Naalukettu*'. **(1 Score)**

(A) M.T. Vasudevan Nair (B) Vaikom Muhammad Basheer

(C) M. Mukundan (D) Thakazhi Sivasankara Pillai

**Answer :**

**16.** Who is the Chairman of Indian Space Research Organization (ISRO) at present ? **(1 Score)**

(A) K. Sivan (B) S. Somanath

(C) K. Radhakrishnan (D) V. Narayanan

**Answer :**

**17.** Which of the following district in Kerala does not have an airport ? **(1 Score)**

(A) Malappuram (B) Kozhikode

(C) Ernakulam (D) Thiruvananthapuram

**Answer :**

22. Mundakai, Churalmala, Punchirimattam are areas where landslide occurred in 2024. In which district of Kerala do these places belong to ? (1 Score)

| |
|---|
| **Answer :** |

23. Which is the eastern most state of India ? (1 Score)

| |
|---|
| **Answer :** |

24. Which organ is known as the 'sieve' of human body ? (1 Score)

| |
|---|
| **Answer :** |

- o O o -